**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1527** **28-07-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി മാറ്റുന്നതിനുള്ള നടപടി കൈക്കൊള്ളുമോ? | (എ) | ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് , താലൂക്ക്, ജില്ലാ തലങ്ങളിൽ ആരോഗ്യ സ്ഥാപനങ്ങളും സർക്കാർ ആശുപത്രികളും വികസിപ്പിച്ച് ആരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് നടത്തിവരുന്നത് . ആർദ്രം മിഷന്റെ ഭാഗമായി GO(Rt)NO. 58/2017/ ആ.കു.വ തിയതി .22/04/17 ഉത്തരവ് പ്രകാരം ഓരോ ജില്ലയിൽ നിന്നും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി വികസിപ്പി ക്കുവാനും, ഓരോ താലൂക്കിലേയും ഓരോ ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായി നിശ്ചിതമാനദണ്ഡങ്ങളോടെ വികസിപ്പി ക്കുവാൻ തീരുമാനം എടുത്തിരിക്കുകയാണ്. ആയത് അനുസരിച്ച് മലപ്പുറം ജില്ലയിൽ തിരൂർ ആശുപത്രിയെ ജില്ലാതല ആശുപത്രിയായും, മലപ്പുറം, പൊന്നാനി, കുറ്റിപ്പുറം, തിരൂരങ്ങാടി., നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി എന്നീ അശുപത്രികളെ താലൂക്ക്തല ആശുപത്രിക ളായും തെരഞ്ഞെടുത്തു കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ